# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 256** **25/04/2017-ൽ മറുപടിക്ക്**

### കുഷ്ഠവും മന്തും നിവാരണം ചെയ്യുന്നതിനായി കർമ്മപദ്ധതി

**ചോദ്യം**

**ശ്രീ.എം.ഉമ്മർ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) സംസ്ഥാനത്ത് കുഷ്ഠവും മന്തും നിവാരണം ചെയ്യുന്നതിനായി പ്രത്യേക കർമ്മപദ്ധതി രൂപീകരിച്ചിട്ടുണ്ടോ, വിശദമാക്കാമോ;

എ) ഉണ്ട്. കേരളത്തിലെ (പത്തനംതിട്ട, ഇടുക്കി, വയനാട് ഒഴികെ) 11 ജില്ലകളിലാണ് മന്ത് രോഗ സാദ്ധ്യത കൂടുതലായി കണ്ടെത്തിയിട്ടുള്ളത്. ഈ ജില്ലകളിൽ 2004 മുതൽ മന്ത് രോഗ സമൂഹ ചികിത്സാ പരിപാടി നടത്തി വന്നതിന്റെ അടിസ്ഥാനത്തിൽ ഒൻപത് ജില്ലകളിൽ (പാലക്കാട്, മലപ്പുറം ഒഴികെ) രോഗസംക്രമണ സാദ്ധ്യത കുറഞ്ഞതായി കണ്ടെത്തി യിട്ടുണ്ട്. ഈ ഒൻപത് ജില്ലകളിലും ആറ് - ഏഴ് വയസ്സ് പ്രായമുള്ള കുട്ടികളിൽ മന്ത് രോഗ സാദ്ധ്യതാ സർവ്വേ വിജയകരമായി പൂർത്തിയാക്കുകയും സമൂഹ ചികിത്സാ പരിപാടി നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. പാലക്കാട് ജില്ലയിലും മലപ്പുറം ജില്ലയിലെ അഞ്ച് തീരദേശ ബ്ലോക്കുകളിലും 2016-2017 കാലഘട്ടത്തിൽ സമൂഹ ചികിത്സാ പരിപാടി നടത്തുകയുണ്ടായി. 2018 ഫെബ്രുവരി മാസത്തിൽ ഇവിടങ്ങളിൽ MDA നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ വെക്ടർ നിയന്ത്രണ യൂണിറ്റുകൾ വഴിയും, ഫീൽഡ് സ്റ്റേഷൻ വഴിയും പ്രാഥമികാരോഗ്യ-കേന്ദ്രങ്ങൾ വഴിയും, തദ്ദേശവാസികളിൽ രാത്രികാല രക്തപരിശോധനാ ചികിത്സയും, പ്രകടമായ മന്ത് രോഗമുള്ളവർക്ക് അവരുടെ അവശതയും, വൈകല്യവും കുറയ്ക്കുവാനുള്ള പരിചരണ മാർഗ്ഗങ്ങളും (മോർബിഡിറ്റി മാനേജ്മെന്റ്) എല്ലാ ജില്ലാ/ജനറൽ ആശുപത്രികൾ വഴി നടത്തിവരുന്നു. പുരുഷന്മാരിലെ വൃഷ്ണ സഞ്ചിയിലെ വീക്കം നീക്കം

ചെയ്യുന്നതിനുള്ള ഓപ്പറേഷൻ എല്ലാ ജില്ലാ/ജനറൽ ആശുപത്രിയിലും നടത്തി വരുന്നു. 2017-ൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട എഴുപത് താലൂക്ക് ആശുപത്രികളിൽ ഇതിനു വേണ്ട സൗകര്യം ഒരുക്കുന്നതിലേയ്ക്കായുള്ള പരിശീലന പരിപാടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തുവാനായി തീരുമാനിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് കുഷ്ഠരോഗ നിർമ്മാർജ്ജനത്തിനായി ദേശീയ കുഷ്ഠരോഗ പരിപാടി കാര്യക്ഷമമായി നടന്നു വരുന്നു. കുഷ്ഠരോഗ നിർമ്മാർജ്ജനരംഗത്തെ സുസ്ഥിര വികസന ലക്ഷ്യം 2020-ഓടുകൂടി കൈവരിക്കാൻ വേണ്ടി കർമ്മപദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പിലാക്കി വരുന്നു.

**ബി)** പ്രസ്തുത രോഗം പടരുന്നത് പ്രതിരോധിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;വിശദമാക്കാമോ;

**ബി)** സംസ്ഥാനത്ത് എല്ലാ ജില്ലകളിലും കുഷ്ഠരോഗത്തിന്റെ പ്രിവലൻസ് നിരക്ക് പതിനായിരത്തിൽ ഒന്നിന് താഴെയായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. പൊതു-ജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി കുഷ്ഠരോഗം കണ്ടുപിടിക്കുന്നതിനും, ചികിത്സിക്കുന്നതിനുമുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. കുഷ്ഠരോഗത്തെ ചികിത്സിക്കുന്നതിനുള്ള മരുന്ന് സംസ്ഥാനത്തിലെ എല്ലാ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ലഭ്യമാണ്. കൂടാതെ കുഷ്ഠരോഗ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിത-മാക്കി നടപ്പിലാക്കുന്നതിന്റെ ഭാഗമായി രോഗികളുടെ എണ്ണം താരതമ്യേന കൂടുതലുള്ള ഗോത്രമേഖലയിലും നഗര-ചേരികളിലും താമസിക്കുന്നവരെയും ഇതര സംസ്ഥാന തൊഴിലാളികളെയും പരിശോധിക്കുന്നതിനുള്ള പ്രവർത്തന തന്ത്രം ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലെയും അംഗൻവാടി-കളിലെയും കുട്ടികളെ 2017-2018 വർഷത്തിൽ ത്വക്ക് രോഗ പരിശോധന നടത്തുന്നതിനാവശ്യമായ പ്രാരംഭ പ്രവർത്തനം നടത്തിവരുന്നു.

മന്ത് രോഗം പ്രതിരോധിക്കുന്നതിനു വേണ്ടി വീടുകൾ തോറും കയറി

→

നടത്തിവരുന്ന രാത്രികാല രക്ത-പരിശോധന, സ്റ്റാറ്റിക് ക്ലിനിക്കുകളിൽ നടത്തുന്ന രാത്രികാല രക്തപരിശോധന, മന്ത് രോഗികൾക്ക് നൽകി വരുന്ന ചികിത്സ തുടങ്ങിയവയും, കൈകാലുകൾ, മറ്റ് ശരീരഭാഗങ്ങളിൽ ഉണ്ടാകുന്ന നീരും വീക്കവും കണ്ടുപിടിക്കുക MMC (MORBIDITY MANAGEMENT CLINIC) വഴി മന്ത് രോഗാതുരത കുറയ്ക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളും പരിശീലന പ്രവർത്തന-ങ്ങളും നടത്തിവരുന്നു.

കേരളത്തിലെ ഇതര സംസ്ഥാന തൊഴിലാളികളിൽ രാത്രികാല രക്ത-പരിശോധന നടത്തി അവർക്ക് അടിയന്തരമായി ചികിത്സ നൽകുന്ന പ്രത്യേക പരിപാടിയും ആരോഗ്യവകുപ്പ് നടത്തിവരുന്നു.

ജില്ല/ജനറൽ ആശുപത്രികളിലും ആഴ്ചയിൽ ഒരു നിശ്ചിത ദിവസം രാത്രികാലങ്ങളിൽ 8-11 മണി വരെ സ്റ്റാറ്റിക് ക്ലിനിക്കുകളും പകൽ സമയത്ത് മോർബിഡിറ്റി മാനേജ്മെന്റ് ക്ലിനിക്കുകളും പ്രവർത്തിക്കുന്നുണ്ട്.

രോഗസംക്രമണ സാദ്ധ്യതാ സർവ്വേ വിജയകരമായി പൂർത്തിയാക്കിയ ഒൻപത് ജില്ലകളിൽ പോസ്റ്റ് എം.ഡി.എ സർവ്വയലൻസിന്റെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ രാത്രികാല രക്ത പരിശോധന, 5 മുതൽ 9 വയസ്സുവരെ പ്രായമായ കുട്ടികളിലെ രാത്രികാല രക്തപരിശോധന, കൊതുകിന്റെ സാന്ദ്രതാ സർവ്വേ, കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾ, മന്ത് രോഗികൾക്ക് അവരുടെ അവശത കൂടാതിരിക്കുവാനുള്ള പരിചരണ മാർഗ്ഗങ്ങൾ എന്നിവ നടത്തിവരുന്നു.

| | | | |
|---|---|---|---|
| **സി)** | രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി നീക്കിവയ്ക്കുന്ന തുക വിനിയോഗിക്കുന്നതിൽ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദ-മാക്കാമോ? | **സി)** | കാലതാമസം ഉണ്ടായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**